# വസന്തോത്സവം

ചങ്ങമ്പുഴ

NBS

Digitized by Kerala Sahitya Akademi

# വസന്തോത്സവം

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണ
സംഘം ലിമിററഡ്

Digitized By Kerala Sahitya Akademi

# VASANTHOLSAVAM

(AN UNFINISHED DRAMATIC LYRIC)

BY

CHANGAMPUZHA KRISHNA PILLAI



| | | | |
|---|---|---|---|
| First Impression | May 1950 | Copies | 1000 |
| Second | April 1955 | | 1000 |



ALL RIGHTS RESERVED BY
MRS. SREEDEVI CHANGAMPUZHA
EDAPPALLY

PUBLISHERS
SAHITHYA PRAVARTHAKA C. S. LTD.

NATIONAL BOOKSTALL
POST BOX 40, KOTTAYAM

0—12—0

Digitized By Kerala Sahitya Akademi

# വസന്തോത്സവം

(ഒരു അപൂൎണ്ണനാടകീയ കാവ്യം)

ചങ്ങമ്പുഴ കൃഷ്ണപിള്ള

നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽബസാർ കോട്ടയം

വില 12 ണ.

Digitized By Kerala Sahitya Akademi

## ചങ്ങമ്പുഴയുടെ കൃതികൾ

1 ബാഷ്പാഞ്ജലി
2 ആരാധകൻ
3 ഹേമന്തചന്ദ്രിക
4 തിലോത്തമ
5 രമണൻ
6 ഉദ്യാനലക്ഷ്മി
7 രക്തപുഷ്പങ്ങൾ
8 സങ്കല്പകാന്തി
9 സ്പന്ദിക്കുന്ന അസ്ഥിമാടം
10 ദേവഗീത
11 അപരാധികൾ
12 വത്സല
13 ദേവത
14 മോഹിനി
15 നിർവൃതി
16 കളിത്തോഴി
17 ദിവ്യഗീതം
18 ഓണപ്പൂക്കൾ
19 പ്രതികാരദുർഗ്ഗ
20 ആകാശഗംഗ
21 യവനിക
22 ശ്രീതിലകം
23 ചൂഡാമണി
24 കലാകേളി
25 മദിരോത്സവം
26 പെല്ലീസും മെലിസാന്ദയും
27 മാനസാന്തരം
28 വിവാഹാലോചന
29 കരടി
30 അനശ്വരഗാനം
31 സാഹിത്യചിന്തകൾ
32 സുധാംഗദ
33 കഥാരത്നമാലിക
34 മണിവീണ
35 മയൂഖമാല
36 മാനസേശ്വരി
37 അമൃതവീചി
38 സ്വരരാഗസുധ
39 നിഴലുകൾ
40 ദേവയാനി
41 മൗനഗാനം
42 കല്ലോലമാല
43 അസ്ഥിയുടെ പൂക്കൾ
44 നിർവ്വാണമണ്ഡലം
45 മഞ്ഞക്കിളികൾ
46 പാടുന്ന പിശാച്
47 നർത്തകി
48 ശ്മശാനത്തിലെ തുളസി
49 പൂനിലാവിൽ
50 ശിഥിലഹൃദയം
51 ഹനേലെ
52 വസന്തോത്സവം
53 രാഗപരാഗം
54 നീറുന്ന തീച്ചൂള
55 തളിത്തൊത്തുകൾ
56 മദലമോഹിനി

Printed at Nirmala Press, Changanachery, Copies 1000.

Digitized By Kerala Sahitya Akademi

# രംഗം ഒന്ന്

സ്ഥലം—

കാളിന്ദീതീരത്തിൽ രാധയുടെ ചെറുതെങ്കിലും സ്വച്ഛമായ മൺകുടിൽ. മുൻവശത്തുള്ള തിണ്ണയിൽ രാധയും, സഖി മാലിനിയും സംസാരിച്ചുകൊണ്ടിരിക്കുന്നു.

സമയം—

വസന്തകാലത്തിലെ സുന്ദരമായ ഒരു സന്ധ്യ.

രാധ

എത്തിയെന്നോ സഖീ വൃന്ദാവനത്തില-
ച്ചൈത്രവും പൂക്കളുമൊക്കെയിന്നും?

മാലിനി

മൊട്ടിട്ടുമുല്ലകൾ, പൂത്തുകടമ്പുകൾ
മററുമരങ്ങളും പൂവണിഞ്ഞു.
പുഷ്പങ്ങൾ, പുഷ്പങ്ങൾ പുഞ്ചിരിക്കൊള്ളുന്നു
പുഷ്പങ്ങളാണെങ്ങുനോക്കിയാലും.

Digitized By Kerala Sahitya Akademi

പച്ചയും മഞ്ഞയും ചോപ്പുമിടകലർ-
ന്നാറ്റിന്നാകാന്തിതൻ കന്ദളികൾ
തമ്മിൽത്തഴുകിത്തഴുകിത്തളർന്നല-
ഞ്ഞെമ്മട്ടുലാവുന്നിതീവനത്തിൽ
നിസ്തുലപുഷ്പസമൃദ്ധി നീ നോക്കുകൊ-
ന്നെത്രമനോഹരമീവസന്തം!

രാധ

അന്നാത്തൈച്ചൈത്രവുമന്നത്തെപ്പൂക്കളും
തന്നെയാണിന്നു മണഞ്ഞതെന്നോ?
എന്തു, നീ നല്ലപോൽ നോക്കിയോ ചൊല്ലിയ-
തെൻതോഴി നീയെന്നോടെന്തു ചൊല്ലീ?

മാലിനി

അന്നു നീ കാളിന്ദി തീരത്തൊരിയ്ക്കലാ-
പ്പൊന്നശോകത്തിന്മേൽ തോളു ചാരി,
വാർമുടി മാടിവിട്ടുത്തുകൊണ്ടേകയായ്
കാർമുകിൽച്ചാർത്തിലാ മിന്നൽപോലെ,
ബാലഗോപാലക ദർശനലോലയായ്
ലാലസിക്കുന്നൊരാ വേളയിങ്കൽ
വേണുഗാനഭ്രമമേകി; നിന്നെ സ്വയം
നാണിപ്പിച്ചത്രമധുരമായി,

Digitized By Kerala Sahitya Akademi

ആമരക്കൊമ്പിലിരുന്നന്നു പാടിയോ-
രോമൽക്കുയിലിനെയോർമ്മയുണ്ടോ?
വൃന്ദാവനത്തിൽ ഞാദനനെനാൾ കൂടിയി-
ട്ടിനാക്കുയിലിൻെറ പാട്ടു കേട്ടു.

രാധ

ഇക്കളിവാക്കിനാൽ കല്ലെറിഞ്ഞെന്നെനീ
ദുഃഖിപ്പിച്ചാൽ നിനക്കെന്തുകിട്ടും?
അന്നാത്തെപ്പൂങ്കുയിൽ തന്നെയാണെത്തിയ-
തിന്നുമെന്നെങ്ങനെ നീയറിഞ്ഞു?

മാലിനി

നീറുന്ന മാനസം, മാറിയിട്ടില്ലൊന്നും
നീമാത്രം, നീമാത്രം മാറിപ്പോയി.
മന്ദഹസിപ്പതുണ്ടിന്നും വസന്തത്തിൽ
വൃന്ദാവനത്തിലെ കുഞ്ജകങ്ങൾ.
അന്നാത്തെയാക്കളി തന്നെയാണമ്മട്ടു-
വർണ്ണിപ്പതിന്നു മക്കോകിലങ്ങൾ.
വല്ലകി മീട്ടിട്ടുന്നുണ്ടിന്നും കാളിന്ദി
സല്ലീലം കല്ലോല മാലികളാൽ.
അന്തരമേശാതണഞ്ഞിട്ടുന്നുണ്ടിന്നു-
മന്നത്തെച്ചന്ദ്രനും ചന്ദ്രികയും.

Digitized By Kerala Sahitya Akademi

പണ്ടത്തെത്തെമണിക്കാററിന്റെ ക്രീഡിയും
കണ്ടിട്ടുന്നില്ലൊരു ഭാവഭേദം.
നീവന്നു മന്മനം, മാററമില്ലൊന്നിനാം
നീ മാത്രം നീ മാത്രം മാറിപ്പോയി.

൨൭

അന്നത്തെസ്സ്വപ്നങ്ങ, ളന്നത്തെ ഗ്ഗാനങ്ങ-
ളന്നത്തെത്തെന്നലിൻസ്പന്ദനങ്ങൾ
അന്നത്തെച്ചന്ദ്രികാ ചർച്ചിതരാത്രിക-
ളന്നത്തെ മന്നിന്റെ മഞ്ജിമകൾ.
എല്ലാം കഴിഞ്ഞു-നശിച്ചു സമസ്തവു-
മില്ലവ വീണ്ടും വരില്ലതോഴീ.
പാട്ടനാളുണ്ടാകാ മിന്നും കുയില്ലക-
ളാട്ടനാളുണ്ടാകാം പൂവല്ലികൾ.
മന്ദസ്മിതം പെയ്തുണർത്തിടാം പൂക്കളെ-
ച്ചന്ദ്രനും സുന്ദര ചന്ദ്രികയും
എങ്കിലു മന്നത്തെ യാവില്ലതൊന്നുമേ-
ശങ്കവേണ്ടിന്നില്ലതൊന്നുപോലും.

മാലിനി

മായികമോഹങ്ങൾ കെട്ടിപ്പടുത്ത നിൻ
മാലാണ്ടജീവിത മിപ്രകാരം

Digitized By Kerala Sahitya Akademi

ത്യക്തവിവിക്ഷതമായ് മാറിട്ടമെന്നാന്ന
ചിത്തത്തിലാരോർത്തിരുന്നു കഷ്ടം.
ചിന്തിച്ചുനോക്കുകീ മന്നിൽനിൻ ജീവിത-
മെന്തുപരാജയ മാണരാധേ!

രാധ

എന്തുണ്ടതിങ്കൽ പരാജയം?-തോഴിനീ-
യെന്തുചൊല്ലുന്നിതെൻ ജീവിതത്തിൽ
എല്ലാം വിജയവും സൌഭാഗ്യപൂർത്തിയും
ഫുല്ലപ്രകാശവും മാത്രമല്ലേ?
ആരുണ്ടുലോകത്തി ലെന്നിലും മീതെയൊ-
രാനന്ദപൂർത്തിയനുഭവിപ്പോർ?
മായികമോഹങ്ങൾ കെട്ടിപ്പടുത്തില്ല
മാലിൽ ഞാനിന്നോളമാണ്ടുമില്ല.
എന്താണു കാരണം പിന്നെ നീയീവിധം
ചിന്തിയ്ക്കുവാനും പറയുവാനും?

മാലിനി

കാളിന്ദിതീരത്തെ ക്കാനനകുഞ്ജങ്ങൾ
കാണുമ്പൊ ളിന്നുമെൻ കൺനിറയും
വൃന്ദാവനത്തിൽ കുയിൽ വന്നു പാടിയാ-
ലന്നിമേഷത്തിലെന്നുള്ളു പൊട്ടും

Digitized By Kerala Sahitya Akademi

സ്വർഗ്ഗം രചിച്ചു ചിരിച്ച നിൻയൗവന-
സ്വപ്നങ്ങളെല്ലാമിന്നെങ്ങു രാധേ?
പൂവിന്റെ ജീവനായ് ക്രീഡിക്കഴിഞ്ഞൊര-
ക്കാർവരിവണ്ടതിന്നെങ്ങുപോയി?
നീരസപ്പെട്ടിടേണ്ടതെന്നോടതോതിന്നാ
നീറുന്നതില്ലല്ലീ നിൻഹൃദന്തം?

രാധ

ഇല്ലില്ല തോഴി നീ തെറ്റിദ്ധരിപ്പതാ-
ണില്ലൊരു ശോകവുമെന്മനസ്സിൽ!
നിത്യസ്മൃതിയ്ക്കു നിറംപിറ വെയ്ക്കുമാ-
നിസ്തുല നിർവാണരംഗകങ്ങൾ
മാമകപ്രാണനിലൊന്നായവയുടെ
മായാത്ത മുദ്ര വിരിച്ചിരിപ്പൂ!
ഞാനോമനിയ്ക്കയാണേകാന്തതയിലെ-
പ്പ്രാണോത്സവാസ്വാദ രശ്മികളെ.
പാല്പാഭ വർഷിച്ചവയെന്നിൽ നിന്നൊള-
മല്ലിലെന്നാത്മാവടിയുകില്ല.

മാലിനി

അന്നാത്തെയാവെറും ഗോപാലബാലക-
നിന്നു ലോകേശ്വരൻ, സാർവ്വഭൗമൻ

Digitized By Kerala Sahitya Akademi

ദ്വാരകയിങ്കൽ മണിമയഹർമ്മ്യത്തിൽ
ചാരുവാം രത്നസിംഹാസനത്തിൽ
തങ്കക്കിനാക്കൾ നിനക്കന്നു നൽകിയ
നിങ്കളിത്തോളനിന്നുല്ലസിപ്പൂ.
അന്നു നീ ഗോപിക, വർഷങ്ങളേറെയാ-
യിന്നും വെറുമൊരു ഗോപികനീ.
നിത്യവും പൈക്കറന്നാഷി കഴിച്ചിട്ടും
നിസ്സാരയാണു നീയന്നുമിന്നും.
പോരെങ്കിലിന്നു നിനക്കൊന്നുമില്ല നീ
പാരിങ്കലേകയായ് കഷ്ടമായി!
ഭാഗ്യവതികളാം രുഗ്മിണീദേവിയും
ഭാമയും കൃഷ്ണന്റെ ഭാമിനിമാർ.
ലോകൈകവന്ദ്യരാം രാജ്ഞിമാരിന്നവർ
നീ കഷ്ടമീവിധം ത്യക്തയായി.
വിസ്മയം, കൃഷ്ണന്റെ ജീവനായ്നിന്ന നീ
വിസ്മൃതയായ്ക്കഷ്ടമീവിധത്തിൽ.
വൃന്ദാവനം വിട്ടുപോയതൊട്ടച്യുതൻ
വന്നിട്ടപോലുമില്ലിങ്ങു വീണ്ടും
മണ്ണിനാൽ നിർമ്മിച്ച വിഗ്രഹം വെച്ചുനീ
യിന്നും ഭജിപ്പിതക്കേശവനെ!

Digitized By Kerala Sahitya Akademi

വേദനാപൂർണ്ണമായുള്ള നിൻജീവിതം
ഹാ, ദയനീയമാണോർക്കിൽ രാധേ!

രാധ

മൃണ്മയ വിഗ്രഹമായതില്ലുണ്ടെൻെറ
ചിന്മയൻ മാമക ജീവനാഥൻ.
മേവുന്നതില്ലായിരിയ്ക്കാമെൻ ചാരെയ-
ദ്ദേവൻെറ ഭൌതിക ഗാത്രപിണ്ഡം.
ഇന്നതിനാർഹരെൻതോഴി നീ ചൊന്നപോൽ-
ത്തന്നെയഥന്യകളായിരിക്കാം.
ആ വിശുദ്ധാർദ്രമാം മാനസം നേടുവാ-
നാവുകില്ലെന്നാലവർക്കുപോലും!
ഇല്ലതിൽ സ്ഥാനമൊരാൾക്കുമീയേഴയാം
വല്ലവപ്പെണ്ണൊഴിഞ്ഞിന്നുലകിൽ
എല്ലാമൊതുങ്ങുമതിൻ വിസ്തൃതിയിൽ ഞാൻ
വെള്ളിനക്ഷത്രമായ് മിന്നിനിൽപ്പൂ.
നന്നായറിയാമെനിക്കതു പിന്നെ ഞാൻ
ഖിന്നയായ്ത്തീരുന്നതെന്തിനായി?
പൂപോൽ വിടർന്നൊരപ്പിഞ്ചുമനസ്സിലെ-
പ്പൂതപ്രണയ സുഗന്ധപൂരം.
സ്വപ്നങ്ങൾകൊണ്ടു പൊതിഞ്ഞുമദ്യൌവ്വനം
സ്വർഗ്ഗീയമാക്കിയ ദിവ്യഭാഗ്യം,

Digitized By Kerala Sahitya Akademi

വിസ്മരിയ്ക്കാവതോ, തോഴി, യതിന്മീതെ
വിത്തമെനിയ്ക്കിനിയെന്തുവേണം?
ധന്യരിൽ ധന്യ ഞാൻ കൈവന്നിട്ടില്ലോക്കി-
ലന്യർക്കൊരാൾക്കുമിബ്ഭാഗധേയം!
തെററിദ്ധരിയ്ക്കായ്ക തോഴീ പരാജയം
പററിയിട്ടില്ലെൻെറ ജീവിതത്തിൽ.

കാലിന്ദി

ഇണ്ടലകന്ന വസന്തമഹോൽസവം
കൊണ്ടാടുമാറായി ഗോപികമാർ
പൊന്മലർ ചൂടിയ വൃന്ദാവനികയിൽ
മന്മഥപൂജയ്ക്കു കാലമായി.
എത്രയോവർഷമായ് നീയതിനൊന്നിനു-
മെത്താതെ വീട്ടിൽത്തനിച്ചിരിപ്പൂ?
കൈവിട്ടു പോകയാരക്കൃഷ്ണനെദ്ധ്യാനിച്ചു
കൈവളർത്തുന്നു നീ താപഭാരം.
ഉൾക്കുതുകംപൂണ്ടനംഗപൂജാദികൾ-
ക്കിക്കൊല്ലമെങ്കിലും പോകണം നീ.

രാധ

കാമാർച്ചനയും വസന്തോൽസവങ്ങളു-
മോമൽത്തരുണിമാർക്കുള്ളതല്ലേ?

Digitized By Kerala Sahitya Akademi

വൃദ്ധയല്ലല്ലിഞാൻ തോഴി, യെനിയ്ക്കിനി
പുഷ്പോൽസവാദിയിലെന്തുകാര്യം?

മാലിനി

മംഗളദർശനേ, ചൊല്ലുന്നതെന്തുനീ
മങ്ങിയിട്ടില്ല നിൻ യൌവ്വനശ്രീ.
നിന്നിലും മീതെയായ് മററൊരുസുന്ദരി
മന്നിലൊരേടവുമില്ലയിന്നും.
കാമദേവാർച്ചനയ്ക്കെത്തുകിൽ സ്തബ്ധനായ്
കാമദേവൻനിന്നെ നോക്കിനിൽക്കും
കൈവന്നിട്ടില്ല മററാർക്കുമദ്ദേവൻെറ
കൈവല്യദമാം വരപ്രസാദം!

രാധ

ചിന്തിതം യാതൊന്നും സാധിയ്ക്കാനില്ലെനി-
യ്ക്കെന്തിനിനിയാ വരപ്രസാദം?
മററുള്ളവർക്കാണുലോക,മെനിയ്ക്കെൻെറ
ചെററക്കുടിലിതുമാത്രം ദേവാരും.
ഞാനും നടത്തും വസന്തോൽസവം മമ
പ്രാണേശപാദാബ്ജ പൂജകളാൽ
ആ മററാപ്പൂത്തുനിൽക്കുമിലഞ്ഞിതൻ
ശ്യാമളച്ഛായയിലാത്തമോദം

Digitized By Kerala Sahitya Akademi

ആരചിച്ചീടുമൊരായിരം പൂക്കളാ-
ലാരമ്യമാമൊരു മണ്ഡപം ഞാൻ.
പ്രേമപ്രദീപ്തമാമെന്മനം പോലെയ-
ശ്ശുഭമലർമണ്ഡപം ലാലസിയ്ക്കും.
തന്മദ്ധ്യഭൂവിൽ ഞാനെന്മനോനാഥന്റെ
മൃണ്മയവിഗ്രഹം വിന്യസിയ്ക്കും.
അഞ്ജലിചെയ്തു, മെൻ ചിന്തകൾപോലെഴും
മഞ്ജുസൂനങ്ങൾ ഞാൻ തൃപ്പദത്തിൽ!
ചന്ദ്രികപെയ്യുമ്പോൾ, വീർപ്പിട്ടു വീർപ്പിട്ടു
മന്ദസമീരനലഞ്ഞിടുമ്പോൾ;
വെള്ളിമേഘങ്ങളും, താരാഗണങ്ങളു-
മുള്ളംകുളിർത്തു ചിരിച്ചിടുമ്പോൾ;
ഏകാന്തരാത്രിയിലേകാന്തശാന്തിയിൽ
ലോകം മുഴുവനലിഞ്ഞിടുമ്പോൾ;
ആരാധനനമസ്ക്കൃതി ചെയ്തു കിടക്കുമാ-
മണ്ണിലെൻ നാഥന്റെ മുന്നിലായ് ഞാൻ!
ഭക്തിവിവശയായസ്തപ്രബോധയാ-
യപ്പൊഴുതേവം ശയിച്ചിടുമ്പോൾ;
ജന്മാന്തരങ്ങൾക്കുമപ്പുറം തൊട്ടെഴും
കർമ്മബന്ധത്തിന്റെ കാഹളംപോൽ;

Digitized By Kerala Sahitya Akademi

മൃൺമയമാവിഗ്രഹത്തിങ്കൽ നിന്നൊരു
നൻമുരളീരവമുത്ഭവിയ്ക്കും.
വിദ്യുതശക്തിയാലെന്നപോലായതു
തട്ടിയുണർത്തുമെൻ ചേതനയെ.
ആവേഗപൂർവ്വമുയർന്നൊഴുന്നോററുടൻ
ദേവൻെറ വിഗ്രഹത്തിന്നു ചുററും
എന്നൊയുംക്കൂടി മറന്നു ഞാനങ്ങനെ
മന്ദസ്മിതംപെയ്തു നൃത്തമാടും.
ആവിഗ്രഹത്തിൻെറകൈകൾപൊങ്ങും! കണ്ണ-
മീവിശ്വ കോടികളാകമാനം
ഒന്നിച്ചുചേർന്നൊരു ഗാനമാകും!-ഞങ്ങ-
ളൊന്നിച്ചു കൈകോർത്തു നൃത്തമാടും.
കല്യാണകൃഷ്ണനെൻ നാഥനല്ലാതെനി-
യ്ക്കില്ലർച്ചനയ്ക്കന്യ പുഷ്പബാണൻ!

മാലിനി

വ്യാമോഹം,വ്യാമോഹം,സർവ്വവും വ്യാമോഹം
ധീമയക്കീടുമ പ്രേമദാഹം.
എന്തിനിനിയുമിസ്വപ്നങ്ങൾ?-നിന്മനം
നൊന്തിടും-രാധേ, നീ പിന്മടങ്ങു!

Digitized By Kerala Sahitya Akademi

രാധ

മിത്ഥ്യകളാണോക്കിൽ സദ്വ്യയാഥാത്ഥ്യവും
സ്വപ്നങ്ങൾമാത്രമേ സത്യമുള്ളു.
മൽസുഖസ്വപ്നങ്ങളുള്ളിടത്തോളമൊ-
രുൽസവം മററെനിക്കെന്തുവേണം?
വഞ്ചിതയാകില്ലൊരിക്കലും രാധയ-
ച്ചഞ്ചലഭൌതികഭോഗങ്ങളാൽ.
കാളിന്ദിതീരത്തിൽ കാർമുകിൽവർണ്ണൻറെ
കാലടിപ്പാടുകൾ ചൂടി ചൂടി,
നിസ്തുലനിർവൃതി നേടുവാൻ സാധിച്ച—
നിസ്സാരമാമൊരോരാമൻതരിയും
എന്തുസായൂജ്യമിയന്നതാണോക്കിൽപ്പി
ന്നെൻതോഴിയെൻകഥയെന്തുചൊല്ലാൻ?
ആ നന്ദനന്ദനനാകാ മറക്കവാ-
നാനന്ദസാന്ദ്രമെൻ സാഹചര്യം.
കാളിന്ദിതീരത്തിലാ മരച്ചോട്ടി,ലാ-
നീലശിലാതലമന്നനിത്യം!
ആരചിച്ചാരചിച്ചാദേവനർപ്പിച്ചോ-
രാരാഗദീപ്തമാം സ്വപ്നരംഗം
നിർണ്ണയമേകവാനാവുകില്ലിന്നത്തെ-
സ്വർണ്ണസിംഹാസനത്തിന്നുപോലും!!

Digitized By Kerala Sahitya Akademi

അന്നോ ലയിച്ചിട്ടുണ്ടെൻജീവരക്തത്തി-
ലെന്നാത്മനാഥന്റെ വേണുഗാനം
ശുഷ്കിച്ച വല്ലികൾപോലെ മടിമുടി
മൊട്ടിട്ടുപോകുമത്ദിവ്യഗാനം-
വിസ്മയമാമമ്മട്ടഖിലത്തിൻമാത്മ-
വിസ്മൃതിയേകുമാവശ്യഗാനം-
വാരുററാഗാനകലാകല്പവല്ലിയിൽ
വാടാതെ മിന്നുമക്കല്പപ്രസൂനം!
മാമകാത്മാവിനെ നർത്തനം ചെയ്യിപ്പൂ
മാദകമാമതിൻ സൌരഭത്താൽ.

ധന്യഞാൻ, ധന്യഞാൻ എൻ പൂർവ്വപുണ്യത്താൽ
കണ്ണനു ഞാനേവം കന്മെണ്ണിയായ്!..
വൃഷ്ണിപ്രസന്നായായനഘിവന്നൊത്തിനീ-
വൃഷ്ണങ്ങൾ പൂജയ്ക്കൊരുക്കുതോഴീ!
ഞാനിതാ വന്നു കഴിഞ്ഞു, യമുനയിൽ
സ്നാനം കഴിഞ്ഞിട്ടരഞൊടിയിൽ!..

(സന്ധ്യാദീപ്തിയിലാറാടിക്കൊണ്ടു് രാധ കാളിന്ദിയിലേയ്ക്കു പോകുന്നു........ അവരു പോയ വഴിയേ കണ്ണയച്ചു

Digitized By Kerala Sahitya Akademi

കൊണ്ട് വ്യാകുലസ്വരത്തിൽ)

ശാലിനി

വിണ്ണിലും ദുർല്ലഭമാകുമിസ്സൌഭഗം
കണ്ണീരിൽ മുങ്ങുവാനാണുയോഗം!
ആനായ വംശത്തിലെത്രയുവാക്കളു-
ണ്ടാനന്ദമുൾക്കൊണ്ടതാസ്വദിക്കാൻ!
സമ്മതിക്കില്ലവളെന്തൊക്കെച്ചൊന്നാലും
കർമ്മഗതിയാണിതാർതടുക്കും?
എങ്കിലുമാമുഖം കാണുമ്പോൾ പൊട്ടുന്നി-
തെൻ കരളയ്യോ, ഞാനെന്തുചെയ്യും?......

Digitized By Kerala Sahitya Akademi

# രംഗം രണ്ടു്

(രാധയുടെ മൺകുടിലിന്റെ അന്തർഭാഗം — ഇടുങ്ങിയതെങ്കിലും ശുചിത്വവും സ്വച്ഛതയുമുള്ള ഒരു പൂജാമുറി—ഭിത്തിയോടടുപ്പിച്ചു് മരംകൊണ്ടുണ്ടാക്കിയ ഒരു പീഠത്തിന്മേൽ, പൂത്തുനിൽക്കുന്ന ഒരു കദംബവൃക്ഷത്തിന്റെ ചുവട്ടിൽ, വെളുത്തു കൊഴുത്തു തല ഉയർത്തി നിൽക്കുന്ന ഒരു പശുവിന്റെ സമീപം, വലതുകാൽ അൽപം വളച്ചു ഇടതുകാലിന്റെ മുൻവശത്തായിച്ചേർത്തു പിടിച്ചുകൊണ്ടും, നിർവൃതിയിൽ ലയിച്ചുകൊണ്ടെന്നപോലെ നിലകൊള്ളുന്ന ശ്രീകൃഷ്ണന്റെ നീലകോമളമായ മൃണ്മയവിഗ്രഹം പ്രതിഷ്ഠിച്ചിരിക്കുന്നു. മാറിൽ വിവിധവർണ്ണോജ്ജ്വലങ്ങളായ വനമാലകളും, അരയിൽ ആകർഷകമായ പീതാംബരവും നല്ലപോലെ തെളിഞ്ഞുകാണാമാറു് ആ വിഗ്രഹത്തിൽ ചായപ്പകിട്ടുകൊണ്ടു് സമർത്ഥമാംവിധം പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ടു്. വിഗ്രഹത്തിനു മുമ്പിൽ എഴുതിരികൾ മിന്നിത്തിളങ്ങുന്ന മൂന്നു നിലവിളക്കുകൾ അൽപാൽപം അകലത്തായി സമുല്ലസിക്കുന്നു. അവയുടെ മുമ്പിലായി വിവിധ പുഷ്പങ്ങൾ നിറച്ചിട്ടുള്ള തളികകളും പൂജാപാത്രങ്ങളും ഉത്തമഫലാദി നിവേദ്യങ്ങളും, സ്വപ്നാത്മകവും ഭക്ത്യുത്തേജകവുമായ ഒരന്തരീക്ഷത്തെ, അകൃത്രിമമായി സൃഷ്ടിച്ചുകൊണ്ടു് നേർത്തു പരന്ന ഒരു സുഗന്ധധൂപം മുറിയിലെങ്ങും വ്യാപിക്കുന്നു. രാധ പുഷ്പാർച്ചന ചെയ്തുകൊണ്ടു് വിഗ്രഹത്തിനു മുമ്പിൽ വലതുഭാഗത്തു് ഭക്തിപരവശയായി സ്ഥിതി ചെയ്യുന്നു.)

Digitized By Kerala Sahitya Akademi

രാധ

ജയ ജയ, ജയ ജയ, ഗോപാലാ
ജയ ജയ, ഗളധൃത വനമാലാ
ജയ ജയ, കുണ്ഡല മണ്ഡിത കർണ്ണ
ജയ ജയ, ജലധരവരവർണ്ണ.
ജയ ജയ, മാധവമധുമഥനാ
ജയ ജയ, പരിണത വിധുവദനാ
ജയ ജയ, ഗോകുല ശുഭസദനാ
ജയ ജയ, ഗോപീജനമദനാ.
ജയ ജയ ജയ ജയ ഭുവനേശാ
ജയ ജയ മാമകഹൃദയേശാ!
ജയ ജയ കേശവ നരകാരേ
ജയ ജയ കേവല കൃഷ്ണഹരേ.

പാലയ പാലയ പാലയമാം
പാവനകൃതേത പാലയമാം.
ജനിമൃതിനാശന പാലയമാം
ജനശതപൂജിത പാലയമാം.

ജയ ജയ ജയ ജയ ഭുവനേശാ
ജയ ജയ മാമക ഹൃദയേശാ!

Digitized By Kerala Sahitya Akademi

രാധ

ഇത്തളികയിലുല്ലസിയ്ക്കുമി
ക്കൊച്ചു ചെമ്പനീർപ്പൂവുകൾ
അത്യനഘമാം മൽപ്രണയത്തിൻ
സ്നിഗ്ദ്ധകോമള മുദ്രകൾ.
തത്തിടുന്നുണ്ടവയിലെൻ ചിത്ത—
ശ്ശുദ്ധിപോൽ നേർത്തസൌരഭം.
ഞാനിതഞ്ജലി ചെയ്തിടട്ടെയ
ച്ചേണണിച്ചേവടികളിൽ!

(അവൾ ആ തളികയിലെ പനിനീർ പുഷ്പങ്ങൾ ഓരോന്നായെടുത്തു് ആ പാദങ്ങളിൽ അർച്ചിക്കുന്നു. അനന്തരം മറ്റൊരു തളികയെടുത്തിട്ടു്)

എന്നകക്കാമ്പിൽ തുളുമ്പിടും ഭക്തിതൻ
ചിഹ്നങ്ങളാണിക്കളിർ മുല്ലമൊട്ടുകൾ.
ചിന്മയാ, നിന്മെയ്പ്പുണർന്നിടട്ടായതിൻ
വെണ്മയും, ശ്രീയും, വിനീതസുഗന്ധവും!
സന്തതം താവകധ്യാനത്തിലത്യന്ത-
സന്നൃതമാണെൻെറ സംതൃപ്തജീവിതം.
അച്ഛമാമായതിൻ ഭക്ത്യങ്കുരങ്ങളി-
ന്നർച്ചിച്ചിടട്ടാശ്ശിരസ്സിലവയെ ഞാൻ!

Digitized By Kerala Sahitya Akademi

(ഭക്തിപാരവശ്യത്തോടെ അവരം വിഗ്രഹത്തിന്റെ ശിരസ്സിൽ ഒരഭിഷേകമെന്നോണം ആ മുല്ലമൊട്ടുകരം ചൊരിയുന്നു. മറെറാരു തളികയിൽ നിന്നു വിവിധ പുഷ്പങ്ങരം ഉണക്കിക്കോരുത്തിട്ടുള്ള ആകർഷകമായ ഒരു പുഷ്പമാല്യം എടുത്തിട്ട്)

ഞാനാണിപ്പൂമാല ചേർത്തിട്ടുണ്ടിന്നിതിൽ
സൂനങ്ങളേറെപ്പലതരങ്ങരം
ചെമ്പനീർപ്പൂക്കളെൻ പ്രേമവും മുല്ലതൻ
വെൺപൂക്കളെന്നിലെ ബ്ഭക്തിവായ്പും
ജ്യോതിപ്പിയൂഷമൊഴിപ്പുത്തമെന്നാശതൻ
പ്രാതിനിദ്ധ്യം വഹിച്ചുല്ലസിപ്പൂ.
തേജോമയങ്ങളെൻസ്വപ്നങ്ങരം പോലിതിൽ
രാജിപ്പൂ ചേണുററ രാജമല്ലി.
കങ്കേളിപ്പൂക്കളെൻ ചിത്തം രചിയ്ക്കുമ-
സ്സങ്കല്പചിത്രങ്ങളാവഹിപ്പൂ.
മന്ദാര പുഷ്പങ്ങളെൻ ത്യാഗബുദ്ധിതൻ
സന്ദേശവാഹകരാണിതിങ്കൽ!
അല്പം വിവർണ്ണമായ് മുഗ്ദ്ധപ്രശാന്തമാ-
യുല്പലമൊന്നുണ്ടിവയ്ക്കിടയിൽ.
എന്താണതെന്നു പറയുകയില്ല ഞാ-
നെന്നും ഭഗവാനറിയാമല്ലോ!

Digitized By Kerala Sahitya Akademi

ഞാനണിയിക്കട്ടെ ഞാനാകും മാലയെൻ
പ്രാണാധിനാഥ നിൻ മാത്തടത്തിൽ!
അപ്പൊഴോക്കും ഭവാൻ നൂനമപ്പണ്ടത്തെ
മുഗ്ദ്ധവൃന്ദാവന രംഗമെല്ലാം!!......

(രാധ ഒരു തളികയിൽ കർപ്പൂരവും കത്തിച്ച് ആദ്യത്തെ സ്തുതിഗാനവും പാടിക്കൊണ്ട് വിഗ്രഹത്തെ ആവാഹിച്ചു പ്രദക്ഷിണം വയ്ക്കുകയും അനന്തരം കർപ്പൂരനാളങ്ങളുടെ മീതെ മൂന്നുപ്രാവശ്യം കൈത്താലങ്ങൾ കാണിച്ച്; അവയെ മുഖത്തോടു ചേത്തു പിടിക്കുകയും ചെയ്തിട്ട് വിഗ്രഹത്തിനു മുമ്പിൽ സാഷ്ടാംഗം നമസ്കരിക്കുന്നു.)

അണിയറയിൽ ഒരു നേരിയ മാടക്കുഴൽവിളി അതിനെത്തുടന്ന്: —

മാരിപ്പോളുമാ രംഗമൊന്നുപോലും
മറക്കുവാൻ കഴിയുമോ നമുക്കു രാധേ!
മറക്കുവാൻ കഴിയില്ല മറന്നിട്ടില്ല
മറക്കില്ല മാധവനവയിലൊന്നും!

(രാധ പിടഞ്ഞെഴുന്നേററ് അവാച്യമായ ഒരു വികാരവിക്ഷോഭത്തോടെ ചുററും നോക്കുന്നു. ഏതാഴി സ്തബ്ധയായി നിലകൊള്ളുന്നു )

Digitized By Kerala Sahitya Akademi

എങ്ങുപോയെങ്ങുപോയ് തോഴി—നാഥൻ
ഇങ്ങിതാ ഞാനേകയായി.
മഞ്ജുപീതാംബരധാരി—ശ്ലാഘ്യ
വൃന്ദാവനാന്തവിഹാരി.
ഗോപികാവസ്ത്രാപഹാരി—സർവ്വ-
ഗോപാലകൻ കൈടഭാരി.
സത്യസ്വരൂപകൻ ശൌരി.നിത്യ-
സച്ചിന്മയൻ മധുവൈരി.
വേണുഗോപാലൻ മുകുന്ദൻ—മമ
പ്രാണേശ്വരൻ സദാനന്ദൻ.
എങ്ങുപോയെങ്ങുപോയ് തോഴീ—നാഥൻ
ഇങ്ങിതാ ഞാനേകയായി.

(രാധ പതങ്ങിത്തേങ്ങിക്കരയുന്നു)

മാലിനി

അഴലിയന്നശ്രുപൊഴിപ്പതെന്താ-
ണയിരാധേ, ഹാ നിനക്കെന്തുപററി?
പറയുകെന്തിന്നിപ്പരിഭ്രമങ്ങൾ
പഴതേനീ പിച്ചുപുലമ്പിയാലോ!!

രാധ

അല്ലല്ല തോഴി ഞാൻ കേട്ടു—ഞാന-
പ്പുല്ലാങ്കുഴൽ വിളികേട്ടു.

Digitized By Kerala Sahitya Akademi

ജീവനതുകേട്ടണന്നു—പക്ഷേ
ദേഹം തളൎന്നു കിടന്നു.
ആ വേണുഗാനം വഴിഞ്ഞു—അതി-
ലീവിശ്വമൊട്ടുക്കലിഞ്ഞു.
വീർപ്പിട്ടുഗോളങ്ങൾവന്നു—അതിൽ
നീർപ്പോളപോൽത്തത്തിനിന്നു.
ജന്മാന്തരങ്ങൾ ഞാൻ കണ്ടു—അതി-
ലെന്മനം നിർവ്വതികൊണ്ടു.
എന്നിലെൻ നാഥൻ കനിഞ്ഞു—മോദാ-
ലെന്നരികത്തിന്നണഞ്ഞു.
എന്നാത്മരാഗാഭചിന്നും—ദിവ്യ
വൃന്ദാവരംഗമൊന്നും
വിസ്മരിയ്ക്കില്ലെന്നാലിഞ്ഞു—നാഥൻ
സസ്മിതം വന്നു പറഞ്ഞു.
സ്വൎഗ്ഗമതെങ്ങോട്ടുപോയി—അയ്യോ—
സ്വപ്നസമാനമതായി!
എങ്ങെൻെറ നായകൻ തോഴീ—കഷ്ടം—
മെന്നൊത്തനിച്ചിട്ടുപോയി!

മാലിനി

ഉന്മാദം! ഉന്മാദം! പ്രേമാഗ്നി കത്തിട്ടു-
മുന്മാദമാണിതിന്നെന്തുചൊല്ലാൻ!...........

Digitized By Kerala Sahitya Akademi

# രംഗം മൂന്ന്

(ദ്വാരകയിൽ ശ്രീകൃഷ്ണന്റെ രാജധാനിയിൽ അന്തഃപുരോപാന്തത്തിലുള്ള അഭിരാമമായ ആരാമമണ്ഡലം. വസന്തകാലം. നിബിഡമായിനില്ക്കുന്ന വൃക്ഷങ്ങളും വല്ലികളും അടിമുടി പൂവണിഞ്ഞിട്ടുണ്ട്. ചന്ദ്രികാചർച്ചിതമായ രാത്രി. നിലാവും നിഴലും ഇടകലർന്ന്, വായുവിൽ ആവേശജനകമായ പരിമളം തുളുമ്പി, പ്രശാന്തസുന്ദരവും വികാരോദ്ദീപകവുമായ അന്തരീക്ഷം—അങ്ങകലെക്കാണുന്ന വനാച്ഛാദിതമായ ശൈലപംക്തിയ്ക്കിടയിൽക്കൂടി വെള്ളിമേഘങ്ങൾ അലഞ്ഞു നടക്കുന്ന നീലനിർമ്മലമായ ആകാശം, നക്ഷത്രദീപ്തമായി, നയനമോഹനമായി പ്രത്യക്ഷപ്പെടുന്നു.

ആരാമമദ്ധ്യത്തിലുള്ള ലീലാസരസ്സിൽ കളഹംസങ്ങൾ മദനപാരവശ്യത്തോടെ ക്രീഡിച്ചുകൊണ്ടു വിഹരിയ്ക്കുന്നു. അതിന്റെ തടത്തിൽ കുറുമൊഴിമുല്ലകൾ പടർന്നുപിടിച്ചു പൂവു തിന്നു പാവാട വിരിച്ചിട്ടുള്ള ഒരു ശിലാതളിമം. ശ്രീകൃഷ്ണൻ അതിന്മേൽ കൊട്ടംകൈ കുത്തി കൈത്തലത്താൽ ശിരസ്സു താങ്ങിക്കൊണ്ട് ഒരു വശം വെച്ചു ചരിഞ്ഞു കിടക്കുന്നു. സസ്മേരവദനനാണെങ്കിലും, എന്തുകൊണ്ടാണാവോ അദ്ദേഹം തെല്ലൊരു ചിന്താമഗ്നനായിട്ടാണ് പ്രത്യക്ഷപ്പെടുന്നതു്. അരികിലായി, പച്ചത്തളിരൊത്ത മൃദുലമോഹനമായ ഒരു പട്ടുടവണിയണിഞ്ഞു്, സർവ്വാഭരണവിഭൂഷിതഗാത്രിയായി, പുഷ്പാലംകൃതവേണിയായി, മദാലസയായ രുഗ്മിണി, അ

Digitized By Kerala Sahitya Akademi

ദ്ദേഹത്തിന്റെ കൈവിരലുകളെ മെല്ലെ മെല്ലെ തിരുപ്പിടിച്ചു കൊണ്ടു് സ്വപ്നാത്മകമായ ഒരന്തരീക്ഷത്തിലെന്നതുപോലെ അങ്ങനെ ലീലാലോലുപയായി സ്ഥിതിചെയ്യുന്നു.)

ശ്രീകൃഷ്ണൻ

കണമണി കർമ്മമാ മീവസന്തോത്സവം
വർണ്ണിച്ചു നീയൊരു പാട്ടു പാടു.
പുഷ്പസമൃദ്ധിയിതെൻചുററും കാണുമ്പോൾ
പുഷ്പിച്ചുപോകുന്നിതെന്മനസ്സും.
ഒന്നു നീ പാടൂ, ഞാൻ കേൾക്കട്ടെ തെല്ലിട-
യെന്നിൽനിന്നും ഞാനകന്നിടട്ടെ!......

രുഗ്മിണി

വേണുഗോപാലനന്യസംഗീതം
വേണമെന്നോ സുഖിയ്ക്കുവാൻ?
മുക്തഗർഭമാം സാഗരത്തിന്നോ
മുത്തുമാലയിൽ വിഭ്രമം?

ശ്രീകൃഷ്ണൻ

പാടിസ്സുഖിയ്ക്കലു മന്യർ മധുരമായ്
പാടുന്നകേട്ടു സുഖിയ്ക്കലും വേറെയാം!

രുഗ്മിണി

ഇന്നാമൊഴികളിൽ വ്യംഗമായ് സിദ്ധിപ്പ-
തന്യരിലൊന്നാണെന്നല്ലി ഞാനും?

Digitized By Kerala Sahitya Akademi

എന്തിന്ന പിന്നൊ ഞാൻ പാടണം, പാടുവാൻ
സ്വന്തം പ്രിയപ്പെട്ടോർ വേറെയില്ലേ?

ശ്രീകൃഷ്ണൻ

പാഴിൽ പരിഭവമെന്തിന്ന രുഗ്മിണി
പാടുകിന്നെൻപ്രാണസർവ്വസ്വമല്ലി നീ?
ഭുവിലെൻ ജീവനും ജീവനായ് നിൽക്കമെൻ
ദേവി നിൻപ്രേമം തികച്ചുമറിവു ഞാൻ!
നിന്മനസ്സാകുമാ വെൺതാമരപ്പൂവിൽ
നിന്നുത്ഭവിക്കും നിരഘ പരിമളം,
പ്രജ്ഞയെപ്പാടെ ലഹരിപിടിപ്പിച്ചോ-
രജ്ഞാതനിർവൃതി നിത്യമേകുന്നുമേ!
ആശ്രയിക്കട്ടെ ചെനാത്മഹർഷത്തെ ഞാ-
നാത്മഹർഷം പ്രിയേ പാടിട്ടുകൊന്ന നീ!
(രുഗ്മിണി മധുരസ്വരത്തിൽ പാടുന്നു)

ഗാനം:—

പല്ലവി

കളലളിതം കവനമയം
കളിമലർവനമിതു കമനീയം!

അനുപല്ലവി

അനുപമ സുഷമകളണിയിട്ടിട്ടലർചൂടി
മനവും ഹാ, നയനവും കവരുന്നീമലർവാടി!

Digitized By Kerala Sahitya Akademi

ചരണങ്ങൾ:—

മദകളമഞ്ജുമരാളവിനോദ-
 വിഹാര തരംഗിത കുഞ്ജിനികൾ
മദഭരിതാസിത മധുകര നികര-
 നിഷേവിത മട്ടുമലർ മഞ്ജരികൾ!
(കളലളിതം)

2

ചന്ദന ശീതള സുലളിത ചന്ദ്രിക-
 ചിന്നിയ ശിശിരനിശീഥിനികൾ
ചഞ്ചല രജതവലാഹ കലാപക-
വലയിത താര വസുന്ധരികൾ!
(കളലളിതം)

3

മന്ദമദാകുല മലയപവനാനില-
 മന്മഥാരളിത തരുനിരകൾ
മംഗളമയ മധുമാസ മഹോത്സവ-
മരുളുന്നലകിന്ന നിർവൃതികൾ!!......
(കളലളിതം)

(ഗാനത്തിൽ മുഴുകിയിരിക്കുന്നെങ്കിലും ശ്രീകൃഷ്ണന്റെ
ഹൃദയം മററെവിടെയോ ചുററിപ്പറക്കുന്നതുപോലെ കാണ

Digitized By Kerala Sahitya Akademi

പ്പെടുന്നു.)

ശ്രീകൃഷ്ണൻ

മംഗളാപാംഗി നിൻ ഗാത്രത്തിലൂടെയർ-
ന്നൊരങ്ങോ പറക്കുന്നിതെൻ ഹൃദന്തം!

രുഗ്മിണി

പ്രേമാനുഭൂതികൾ കാഴ്ചവെയ്ക്കും
ഭാമതൻ പാർശ്വത്തിലായിരിക്കും!

ശ്രീകൃഷ്ണൻ

എന്തിനാണീ മുള്ളുവാക്കുകൾപിന്നെയും?
ചിന്തിച്ചുപോലുമില്ലക്കഥ ഞാൻ.
കണ്ണഞ്ചുമിച്ചിത്ര കാന്തി നീയങ്ങനെ
വർണ്ണിച്ചു വർണ്ണിച്ചു പാടിയപ്പോൾ,
നിസ്തുലമെങ്കിലും മർത്ത്യ വിനിർമ്മിത
കൃത്രിമമാകുമിത്തോപ്പിൽ നിന്നും
കുന്നും മലകളും, കാടും പുഴകളു-
മൊന്നിച്ചുനാരത മുല്ലസിയ്ക്കും,
ആ വിദൂരസ്ഥമാ മെൻജന്മഭൂവിലേ-
ക്കാവേശപൂർവ്വം പറന്നു ചിത്തം!
ഈ വസന്തത്തി ലിനാവനഭൂമിതൻ
ലാവണ്യ പൂർത്തിയെന്തായിരിയ്ക്കും!

Digitized By Kerala Sahitya Akademi

എത്രകൊതിപ്പൂ ഞാ, നെത്രകൊതിപ്പൂ ഞാ-
നട്ടിക്കിൽ വീണ്ടും പറന്നുചെല്ലാൻ!

രുഗ്മിണി

കാലിമേച്ചുഷ്ടി കഴിച്ചുകൂട്ടും
കാടന്മാർ വാഴ്‌വതാണപ്രദേശം
വിദ്യയില്ലാത്മസംസ്കാരമില്ല
വിത്തവിഖ്യാതികളൊന്നുമില്ല
ഇന്നും പരിഷ്ക്കാര രശ്മിയൊന്നും
ചെന്നു ചേരാത്തതാണപ്രദേശം!
എന്തുണ്ടവിടെസ്സുഖാസ്പദമാ-
യെന്തുണ്ടവിടെ സ്സമാസാദിക്കാൻ?
ഇവ്വം വളക്ഷ്മാരത്രമാത്രം
സമ്പൽസമൃദ്ധമാണീനഗരം!!
അങ്ങയോ ലോകൈകചക്രവർത്തി
മംഗലസൗഭാഗ്യശൃംഗവർത്തി!
വിശ്വാഭിനന്ദനാലംബമൂർത്തി
വിസ്മയാർഹം ഭവൽ പുണ്യപൂർത്തി!
രാജൽപ്രതാപസമൃദ്ധിവാനീ-
രാജഹർമ്മ്യത്തിൽ ത്രസിച്ചുനിൽക്കേ,
ആ വെറും കാട്ടും പുറത്തുചെന്നൊൻ
ജീവേശ്വരനിനിയെന്തുവേണം?

Digitized By Kerala Sahitya Akademi

ശ്രീകൃഷ്ണൻ

കാടനാ, ണെങ്കിലീ ഞാനു, മെന്നോമനേ
കാലികൾമേച്ച നടന്നാവൻഞാൻ!
പാരിങ്കൽ പൈക്കറന്നാഷ്ടികഴിയ്ക്കുമ-
പ്പാവങ്ങളൊത്തു വളർന്നാവൻ ഞാൻ!
അമ്മട്ടിൽ പൈക്കറക്കാരിയൊരമ്മത-
ന്നമ്മിഞ്ഞപ്പാലാണെൻ ജീവരക്തം!
ഇന്നലെക്കിട്ടിയതാണെനിക്കിക്കാണും
സ്വർണ്ണസിംഹാസന ധാടിയെല്ലാം!
വന്നവഴിയ്ക്കവ പോകട്ടെ പോണെങ്കിൽ
പൊന്നിൻപൊലിമ യിതാക്കവേണം!!
ഒന്നോർത്താലിന്നത്തെ ച്ചെങ്കോലിനേക്കാളു-
മന്നത്തെക്കാലിക്കോലാണു ഭേദം!
ഈ ലസൽസൌധത്തിലല്ലെനിക്കങ്ങുള്ളോ-
രോലക്കുടിലിലാണെന്റെ നാകം.
കാടന്മാർ, കണ്മണി, കാലിമേച്ചീടുമ-
ക്കാടന്മാ, രെന്നാത്മസോദരന്മാർ.
ഉണ്ടവർക്കാവെറും കാടന്മാർക്കോമനേ,
ചെണ്ടുപോൽ ചേണുററ ശുദ്ധചിത്തം.
സംഗീത സംഫുല്ലമാകുമൊരാത്മാവു-

Digitized By Kerala Sahitya Akademi

ണ്ടങ്ങെഴും തിയ്യക്കകൾക്കപോലും.
കഷ്ടമാണിങ്ങോ, സജീവങ്ങളിങ്ങെഴും
സൃഷ്ടികൾ കൂടിയും കൃത്രിമങ്ങൾ.
നിർവ്വികാരങ്ങൾ, നിശ്ചേഷ്ടങ്ങൾ, മൂകങ്ങൾ
സർവ്വവും, സർവ്വവും പാഴ്ജ്ജഡങ്ങൾ
എല്ലാം നിഴലുകൾ, പൊള്ളകൾ, പോതുകൾ
ഇല്ലിവയ്ക്കൊന്നിനും സ്പന്ദനങ്ങൾ
ഉത്തുംഗ രമ്യ മണിമയ ഹർമ്മ്യങ്ങ-
ളുദ്യാനവീഥിക, ളുത്സവങ്ങൾ
ഉജ്ജ്വല വിദ്യുല്ലതാംഗികളൊത്തെഴു-
ന്നുത്തേജകങ്ങളാം നർത്തനങ്ങൾ
യന്ത്രസംജാത സങ്കീർണ്ണ സംഗീതങ്ങൾ
സന്തതം മേളിയ്ക്കും സങ്കേതങ്ങൾ
ചാമീകരോജ്ജ്വലമാതപത്രം തഴ
ചാമരം, ചാരുവാ മാലവട്ടം
കൊട്ടും കുഴൽവിളി കോലാഹലങ്ങളും
പൊട്ടും വെടികൾ, കുരവകളും
ആനക, ളുശങ്ങൾ, തേരുക, ളാളുക-
ളാഡംബരങ്ങളകമ്പടികൾ
എന്തെല്ലാമുണ്ടെനിയ്ക്കെന്താണൊന്നില്ലാത്ത-
തെന്തിതിൻമീതെ മറെറന്തുവേണം?

Digitized By Kerala Sahitya Akademi

പൊള്ളകൾ, പൊള്ളകൾസർവ്വവുംപൊള്ളകൾ
പൊള്ളകയാണെനിയ്ക്കുള്ള, ദേവി!
കാലമൊന്നുതിയാലൊക്കെത്തകരുമീ-
ലോലനീർപ്പോളകളെത്രനേരം
പൊത്തിപ്പിടിച്ചുസുഖിയ്ക്കും?-പറകമി-
സ്വപ്നങ്ങൾകൊണ്ടു പിന്നൊന്നുകാര്യം?
പൊന്നിൻതളികയിൽ പാലും പഴങ്ങളു-
മന്യാമൃതോപമ ഭോജ്യങ്ങളും
ക്ഷുൽപിപാസാദിയെച്ചുംബിച്ചുറക്കുവാൻ
സസ്പൃഹമനപഹം കാത്തുനിൽപൂ.
എന്നാലും സ്വാദിവയ്ക്കൊന്നുമൊരല്പവു-
മെൻനാവിനേകുന്നില്ലെന്തുചെയ്യും?
ചിത്രംവരയ്ക്കുന്ന ചിത്തമപ്പുണ്ടതത്ത
മുത്താഴരംഗങ്ങളൊക്കെയിന്നും.
പച്ചമൈതാനങ്ങൾ കൈവിട്ടു മെയ്തളർ-
ന്നുച്ചവെയ്ലേററു വലഞ്ഞപൈക്കൾ
കാളിന്ദി തീരത്തെക്കുന്നിൻചെരുവില-
ക്കാനനച്ഛായയിൽ വിശ്രമിയ്ക്കേ;
ചുററിലും, പൊക്കത്തിൽ പ്പൊക്കത്തിൽപ്പൂങ്കുല
മുററി ത്തെത്തെന്നാലിലാടിയാടി
ഞെട്ടററുതിരുമപ്പൂക്കളൊൽ പൂഴിയിൽ
പട്ടുപാവാട വിരിച്ചൊരുക്കി

Digitized By Kerala Sahitya Akademi

ഭംഗിയിലങ്ങിങ്ങണിയിട്ടണിയിട്ടു
തിങ്ങും മരങ്ങൾതൻ ഛായകളിൽ
ആനന്ദമത്താരായേട്ടനും ഞാനുമ-
ന്നാനായപ്പിള്ളേരുമൊത്തുകൂടി,
പൊട്ടിച്ചിരിച്ചും കളിച്ചും പരസ്പരം
കെട്ടിപ്പിടിച്ചും വലിച്ചിഴച്ചും
കെട്ടഴിച്ചപ്പൊതിച്ചോറിൽ നിന്നോരോന്നു
തട്ടിപ്പറിച്ചും വഴക്കടിച്ചും,
വട്ടമിട്ടങ്ങനെ മണ്ണിൽച്ചടഞ്ഞിരു-
ന്നഷ്ടികഴിച്ചും വെടിപറഞ്ഞും
അങ്ങന്നു മേളിച്ചൊരാനന്ദരംഗങ്ങ-
ളെങ്ങനെ യെങ്ങനെ വിസ്മരിയ്ക്കും?
ഇല്ല വരില്ല വരില്ലിനി വീണ്ടുമ
സ്വർല്ലോകഹർഷാർദ്ര രംഗമൊന്നും.
കട്ടത്തയിരും വറുത്തോരുപ്പേരിയും
കൂട്ടിക്കുഴച്ചമ്മ തന്നായയ്ക്കും.
അപ്പൊതിച്ചോറിൻെറ മാധുര്യമോർക്കുമ്പോ-
ളിപ്പൊഴുമൂറുന്നെൻ വായിൽ വെള്ളം.
അന്നൊരുനെല്ലിയ്ക്കമോഹിച്ചു വെയ്ലിൽഞാൻ
കുന്നും മലകളുമെത്രകേറി!
ഉണ്ണിവിരിയാത്ത മാങ്ങയ്ക്കു കൂടിയും
മണ്ണിലന്നൊത്തു കിടന്നരുണ്ടു!

Digitized By Kerala Sahitya Akademi

ഞാവൽമരച്ചോട്ടിൽ വീണൊരു കായിനാ-
യെത്ര നടത്തി ഞാൻ മുഷ്ടിയുദ്ധം!
സ്വാദില്ലമൃതിനും പോലുമിക്കാട്ടിലെ
മോതിരക്കണ്ണിപ്പഴങ്ങളിനോളം!
പോയല്ലോ വീണ്ടും വരാത്തപോൽ, കൈവിട്ടു
പോയല്ലോ, കഷ്ടമപ്പുണ്യകാലം!
അക്കാലമർപ്പിച്ചൊരാനന്ദമോർത്താ,ലി-
ച്ചക്രവർത്തീപദമെത്രതുച്ഛം!

രുഗ്മിണി

പൊയ്പ്പോയകാലത്തെപ്പറ്റിയോർത്താൽ
ദുഃഖിയ്ക്കാൻമാത്രമേ മാർഗ്ഗമുള്ളൂ
പിന്നോട്ടുപായുന്ന കണ്ണിണയിൽ
കണ്ണീരൊരിയ്ക്കലും തോരുകില്ല.
അങ്ങയെപ്പോലുള്ള ദിവ്യർപോലു-
മിങ്ങനെ നിഷ്ഫലം സന്താപിച്ചാൽ
സർവ്വസൌഭാഗ്യ സമന്വിതന്മാർ
നിർവ്വേദഗർത്തത്തിലാപതിച്ചാൽ
ഹന്തസാധാരണർതൻ കഥ പി-
ന്നെന്തായിരിയ്ക്കുമതോർത്തു നോക്കൂ.
മായാമയൻ ഭവാൻ പോലുമേവം
മായാവശഗനായ് മാഴ്കുകെന്നോ!

Digitized By Kerala Sahitya Akademi

കൃഷ്ണൻ

നാകമെപ്പോഴും പ്രഭാമയം, പാതാള
ലോകത്തിലെപ്പോഴുമന്ധകാരം.
ഭൂവിതിലെന്നാലിരുട്ടും വെളിച്ചവും
താവുന്നിതൊന്നുപോൽ മാറി മാറി
സ്വർഗ്ഗത്തിലില്ലാ നരകം, നരകത്തിൽ
സ്വർഗ്ഗവും;-ഭൂമിയിലുണ്ടുരണ്ടും!
ആകയാൽ രണ്ടിനെക്കാളുമുൽകൃഷ്ടവു-
മാകർഷകവുമാണി പ്രപഞ്ചം.
മർത്ത്യനായ് മന്നിലണഞ്ഞ ഞാനെങ്ങനെ
മർത്ത്യനിൽനിന്നകന്നു നിൽക്കും?
ഇഷ്ടപ്പെടുന്നില്ലതിന്നു ഞാൻ-മർത്ത്യനോ-
ടിഷ്ടമുണ്ടിന്നെനിക്കത്രമാത്രം.
ഇമ്മന്നിലെന്താഗമാസ്പദമെന്നില്ല-
ളള മർത്ത്യസ്നേഹമെന്നാണു പാർത്താൽ!
ആശാനിരാശകൾ, അശ്രുക്കളാമന്ദ-
ഹാസങ്ങൾ, ഹർഷങ്ങൾ, വേദനകൾ,
സങ്കല്പ, സ്വപ്ന, സ്മൃതി, മനോരാജ്യങ്ങൾ
സങ്കീർണ്ണഭാവങ്ങൾ ഭാവനകൾ
മാനവനെന്തെല്ലാമുണ്ടവയൊക്കെയു
മായയാലെന്നിലും ചേർന്നിരിപ്പൂ

Digitized By Kerala Sahitya Akademi

രാമകലീലയാണൊക്കെ, യാലീലയിൽ
മായയിൽ ഞാനും മറഞ്ഞിരിപ്പൂ!

രുഗ്മിണി

ഞാനമോക്കാരുണ്ടിടയ്ക്കിടയ്ക്കു-
ന്നാനല്ല കാലങ്ങളങ്ങയേപ്പോൽ
അപ്പൊഴെല്ലാമെൻ മനസ്സനോവു-
മശ്രുനിറയുമെൻ കണ്ണുകളിൽ.
അഗ്ഗാനം ജ്യേഷ്ഠനമൊന്നുപോലെ-
നാഗ്ഗാനരാഗമെതിർത്തു നിൽക്കേ,
ചേദിപഭീതിയിൽ സന്തതമെൻ
ചേതനവാടി ഞാൻ നാരംകഴിക്കേ;
അക്കാട്ടുതീയിൻ നടുവിലുമെ-
ന്റുൾക്കളിരാനുഞാൻ നിന്നിരുന്നു!
ആരാമകുഞ്ജങ്ങരം സാക്ഷിനിന്നോ-
രാരഹസ്വപ്നസമാഗമങ്ങരം
ആനന്ദരംഗങ്ങ, ളിന്നാവയി-
ലൊന്നെങ്കിലും ഭവാനോർമ്മയുണ്ടോ?
ഇബ്ഭക്തദാസിതൻ പൂജയെല്ലാ-
മെത്രവേഗം ഭവാൻ വിസ്മരിച്ചു!

കൃഷ്ണൻ

ഇല്ല മറന്നിട്ടില്ലോമനേ, രാഗസം-
ഫുല്ലരംഗങ്ങളതൊന്നുമേ ഞാൻ!

Digitized By Kerala Sahitya Akademi

ഒന്നുചോദിച്ചിടട്ടെങ്കിലും ഞാൻ, നിന-
ക്കെന്നോടു നീരസം തോന്നരുതേ!
കാലിച്ചെറുക്കനാം കൃഷ്ണൻ, മഹാഭൂമി-
പാലനാം കൃഷ്ണ, നീ രണ്ടുപേരിൽ
ആരായിരുന്നു നിൻ കാമുകൻ?–നീ കാണ്മ-
താരെയാണെപ്പൊഴും നിന്മനസ്സിൽ?

രുഗ്മിണി

കണ്ടിട്ടില്ലല്ലോ കാലിമേയ്ക്കുമ-
ക്കൊണ്ടൽവർണ്ണനെക്കണ്ണിൽ ഞാൻ.
നന്മപൂണ്ടമിച്ചോദ്യത്തിനു മ-റി-
നൊന്നുമക്ഷോത്തും ഞൊനാത്തരം?
എങ്കിലുമൊന്നു തീർച്ചയാണോർക്കി-
ലെന്റെ ജീവാധിനായകൻ
മന്നവർ കുലമൌലി മാലയായ്
മന്നിലെന്നൊന്നുമീവിധം
താഴ്മതട്ടിടാതുല്ലസിപ്പതു
കാണ്മതാണെനിയ്ക്കുത്സവം!–

(പെട്ടെന്നു് ഒരിരുട്ടും മൂടലും മിന്നലും ഇടിയും)

എന്തുകാരണമിത്രപെട്ടെന്നൊ-
രന്ധകാരം പരക്കുവാൻ?
പൂങ്കുളപോയ് നിലാ,വെന്തുകാററാണി-
തെങ്ങു വിണ്ണിലെത്താരകൾ?

Digitized By Kerala Sahitya Akademi

വന്നുകൂടുന്നു കാർമുകിൽ വാനിൽ
മിന്നിടുന്നോരോരോ കൊള്ളിമീൻ!
ഒററ മാത്രയിൽ മാററമീവിധം
പററുവാനെന്തുകാരണം?
ഭീതിതോന്നുന്നെനിയ്ക്കകത്തേക്കു
നാഥ, പോകാം നമുക്കിനി

(രുഗ്മിണി ശ്രീകൃഷ്ണന്റെ തോളിൽ കൈയിടുന്നു അദ്ദേഹത്തിന്റെ ശരീരം തണുത്തു നിർജ്ജീവമായി കാണപ്പെടുന്നു ഒരു ചലനവുമില്ല രുഗ്മിണി ഇതികർത്തവ്യതാമൂഢയായി, ഭയപരവശയായി നിലകൊള്ളുന്നു. ഉറക്കെ കരയാൻ ഉദ്യമിച്ചിട്ടും ശബ്ദം പുറത്തേക്കു വരുന്നില്ല....... ഒരു നിമിഷത്തിനുശേഷം ഒരത്ഭുതശക്തിയാലെന്നപോലെ കാർമേഘങ്ങളും, കൊടുങ്കാററും, കൊള്ളിമീനും എല്ലാം അപ്രത്യക്ഷപ്പെടുന്നു വീണ്ടും പൂനിലാവിൽക്കുളിച്ച ആകർഷണീയമായ അന്തരീക്ഷം. ഒരു സമാധിയിൽ നിന്നെന്നപോലെ കൃഷ്ണൻ ഉണരുന്നു. ആ കണ്ണുകൾ വീണ്ടും പ്രകാശപൂർണ്ണമാകുന്നു രുഗ്മിണിയെ മാറോടു ചേർത്തുകൊണ്ട്:—

കാലിച്ചെറുക്കനെ പ്രാണനും പ്രാണനായ്
കാണുമ്പോഴേഴപ്പെണ്ണിന്റെ ജീവൻ
ലോകത്തിലിന്നോളം മററാർക്കും കിട്ടാത്ത
രാഗവും ഭക്തിയും ചേർന്നിണങ്ങി.

Digitized By Kerala Sahitya Akademi

ആയിരം നാഴികയ്ക്കപ്പുറം നിന്നുകൊ-
ണ്ടാവേശപൂർവ്വം വിളിച്ചിതെന്നെ.
മിന്നൽവേഗത്തിൽ ഞാനങ്ങോട്ടരക്ഷണം
നിന്നെവിട്ടോമനേ പോയിരുന്നു.
ആ വിളി—ഭീതമാമാവിളിയമ്മട്ടി-
ലാവിർഭവിയ്ക്കുന്ന വേളയിങ്കൽ
അങ്ങെന്നെത്തായ്ക്കിലാനിമേഷത്തിലീ-
യണ്ഡകടാഹം തെറിച്ചുപോകും!—
ഞാനുമീനീയുമെന്നല്ലി പ്രപഞ്ചത്തിൽ
കാണും സമസ്തചരാചരവും.
ചിന്നിത്തെറിച്ചുപോമാവിളിയെങ്ങാനു-
മന്തരീക്ഷത്തിലലിഞ്ഞുപോയാൽ!
എന്നിലലച്ച പ്രതിപ്രയാണത്തിലു-
ടെന്നെയതങ്ങോട്ടു കൊണ്ടുപോയി..
തന്നെയാണിങ്ങു നീ നില്പതെന്നോക്കയാൽ
നിന്നില്ലവിടെ ഞാനേറെനേരം!

രാഗിണി

പറയൂ, പറയൂ, ലോകത്തി-
ല്പരിണത സുകൃതിനിയേതൊരുവൾ?

Digitized By Kerala Sahitya Akademi

പ്രിയതമമാരേക്കാളേറെ-
പ്രിയവതി സതിയിവളേതൊരുവൾ?

കൃഷ്ണൻ

സുന്ദരീ രത്നമാം രാധ-ദിവ്യ
വൃന്ദാവനത്തിലെ രാധ.

ചിന്തനാതീതയാം രാധ-എന്നി
യ്യേന്തിലും മീതെയാം രാധ
മുക്തിപ്രദായിനി രാധ—സാക്ഷാൽ-
ശക്തിസ്വരൂപിണി രാധ.
രാസവിനോദിനി രാധ-മുഗ്ദ്ധം—
ഹാസവിലാസിനി രാധ.
വിശ്വൈകമോഹിനിരാധ—രാഗ-
വിദ്യുൽ പ്രകാശിനി രാധ.
ജ്യോതിഷ്മതിസതി രാധ—നിത്യ-
ദ്യുതിദശ്രീമതി രാധ.
ജ്ഞാനൈകദീപിക രാധ—വേണു
ഗാനസാന്ദ്രാ .....രാധ.
വൃന്ദാവനത്തിലെ രാധ —പുണ്യ-
വൃന്ദാവനത്തിലെ രാധ.

(രുഗ്മിണിയുടെ മുഖം വിളറുന്നു. ശ്രീകൃഷ്ണന്റെ പാർശ്വത്തിൽ കോപാകുലയായി ഒരക്ഷരംപോലും ശബ്ദിയ്ക്കാനാകാതെ വിശ്വേഷ്ടയായി നില കൊള്ളുന്നു )

Digitized By Kerala Sahitya Akademi

വരികപ്പോയിടാം മണിയറയിലേ-
യ്ക്കതുതേവമെന്നിൽ പരിഭവം.
പരിതപിയ്ക്കായ്കെന്‍ പ്രിയതമേ, വരൂ
പറയാമിക്കഥ മുഴുവൻ ഞാൻ!

(രുഗ്മിണി ഒന്നും മിണ്ടുന്നില്ല. ശ്രീകൃഷ്ണൻ അനുകമ്പയോടും സ്നേഹാർദ്രതയോടുംകൂടി രുഗ്മിണിയുടെ കരം ഗ്രഹിച്ചുകൊണ്ടു് അരമനയിലേയ്ക്കു പോകുന്നു.)

Digitized By Kerala Sahitya Akademi

# രംഗം നാല്

അന്തഃപുരത്തിൻെറ മറെറാരു ഭാഗം. സത്യഭാമയുടെ മണിമേടയിലെ ദീപപ്രഭാപരിപൂരിതമായ ഒരു മുറി. ഭാമ ഒരു പര്യങ്കത്തിൽ, പൂമെത്തയിൽ, ചിന്താവിമൂഢയായി, കൈത്തലത്താൽ, ശിരസ്സും താങ്ങിക്കൊണ്ടിരിക്കുന്നു. നേത്രങ്ങൾ ജലാർദ്രങ്ങളാണു്. രണ്ടു തോഴിമാർ പരിചര്യാലോലരായി, വെൺചാമരം വീശിക്കൊണ്ടു് ഇരുപാർശ്വങ്ങളിലും നില്ക്കുന്നു)

(ശ്രീകൃഷ്ണൻ പ്രവേശിക്കുന്നു. ചേടിമാർ തൽക്ഷണം മുറി വിട്ടിറങ്ങിപ്പോകുന്നു. ശ്രീകൃഷ്ണൻ സത്യഭാമയുടെ സമീപം ചെന്നിരുന്നു് പ്രേമപൂർവ്വം തോളിൽ കൈവച്ചുകൊണ്ടു്,)

ശ്രീകൃഷ്ണൻ

ഉൽപ്പലോജ്ജ്വലങ്ങളീ നീലക്കണ്മുനകളി-
ലിപ്പൊഴും തോന്നീട്ടില്ല കണ്ണുനീരെന്നോ ഭാമേ?
എന്തിനായനാരതം കണ്ടിതം വൃഥാ, നിന്നോ-
ടെന്തപരാധം ചെയ്തു ഹന്ത ഞാൻ മനോനാഥേ!

Digitized By Kerala Sahitya Akademi

കോപത്താലിരട്ടിച്ച ശോണിമ നൃത്തംചെയ്യും
കോമളാനനമിതൊന്നുയർത്തു കാണട്ടേ ഞാൻ.

ഭാമ

കരളെരിയും കഥയാരറിയും
കരയുന്നതെന്തിനെന്നാണു ചോദ്യം
ഒരുതെററും ചെയ്യോരല്ലാരുമാരും
ഒരുനേരം തോരില്ലിക്കണ്ണുനീരും.
ചിരികൾ വിടരുന്ന ദിക്കിൽ മാത്രം
സ്ഥിരവാസം കൈക്കൊള്ളുമങ്ങയെ ഞാൻ
കരുതുന്നതില്ലല്ലോ തെല്ലുപോലും
കരയലിൻ ചാരെത്തൊട്ടുത്തു നിൽപ്പാൻ
സരസത താവി ത്രസിച്ചു നിൽക്കും
സമയം പാഴാവുകിൽ കഷ്ടമല്ലേ?
അനുഭൂതി മറെറങ്ങോ കാത്തുനിൽപ്പു-
ണ്ടവിടേയ്ക്കുവേഗം തിരിച്ചു ചെല്ലൂ.

കൃഷ്ണൻ

അരുതേവം ഭാമേ പരിഭവം, നീയെ-
ന്നകളങ്കസ്നേഹമറിവീലേ?
സതി നിന്നൊക്കാളും സരസതയാളും
സഖിയെനിയ്ക്കാരീയുലകത്തിൽ?

Digitized By Kerala Sahitya Akademi

വെറുതേ മറെറാന്നും കരുതല്ലേ, നീയെൻ
പരമാനന്ദത്തിന്നുറവല്ലേ?
വരികരികിലാ മിഴിത്തുടച്ചുകി-
പരിഭവമിനി മതിയാക്കു!

(ഭാമയോടു ചേർന്നിരുന്നു് കണ്ണുനീർ തുടച്ചു് ആശ്വാസി പ്പിയ്ക്കുന്നു.)

ഒന്നങ്ങു നോക്കുക തൂവെള്ളിമേഘങ്ങ-
ളൊന്നിച്ചു കൈകോർത്തു ചന്ദ്രന്റെ ചുററുമായ്
മോടിയിലോരോ മദാലസ നൃത്തങ്ങ-
ളാടുന്നു, നിന്നു ചിരിയ്ക്കുന്നു താരകൾ.

ഭാമ

അതുപോലൊരുരംഗ മൊന്നാസ്വദിച്ചീടുവാൻ
കൊതിതോന്നുന്നുണ്ടാക മുള്ളിലിപ്പോൾ!

കൃഷ്ണൻ

അക്കാഴ്ച കാണുമ്പൊ ഴിപ്പൊഴും കഷ്ടമെ-
ന്നുൾക്കാമ്പു നീറിദ്രവിയ്ക്കയാണോമനേ!
അത്ഭുതോദ്ദീപ്തമ സ്വപ്നലോകം വെടി-
ഞ്ഞെത്രകാതംവഴി പിന്നിട്ടു പോന്നു ഞാൻ!
ചന്ദനത്തൈമണി ത്തെന്നൽ തലോടുന്നാ
ചന്ദ്രികചാർത്തുമിച്ചൈത്രരജനികൾ

Digitized By Kerala Sahitya Akademi

നീലനിഴലുകൾ വൃന്ദാവനത്തന്നിൽ
നീളെ നിവർത്തി വിരിച്ചുല്ലസിയ്ക്കവേ;
വെള്ളിച്ചിലങ്കകൾ ചാർത്തി യമുനയിൽ
ചെല്ലത്തിരകൾ മദിച്ചു പുളയ്ക്കവേ;
മത്തടിച്ചാർത്തു മരാളമിഥുനങ്ങൾ
മത്സരിച്ചങ്ങതിൽ നീന്തിക്കളിയ്ക്കവേ;
നർത്തനലോലരായ് ഞാനും സഖികളു-
മൊത്തുക്രീഡിപ്പൊരാ രംഗമോർക്കുന്നു ഞാൻ!

തെന്നലിലല്പമിളകുമിലകളി-
ലൊന്നൊട്ടലാവുമാ നീഹാരധാരയിൽ
പൂനിലാക്കതിരു വീണൊരോ മരത്തിലും
കാണാമൊരായിരം വെള്ളിയലുക്കുകൾ
മുററിത്തഴയ്ക്കും നിഴലുകൾ പൂത്തപോൽ
മുററിപ്പറന്നിടും മിന്നാമിനുങ്ങുകൾ.
മാറാതെ നിന്നിടും മെയ്യിൽ പുളകങ്ങൾ
മാദകമാമൊരു മാലതീസൌരഭം.

പൊക്കത്തിൽ വൃക്ഷപ്പടർപ്പിൻ പഴുതിലൂ-
ടുൾക്കൗതുകം പൂണ്ട വെൺമുകിൽച്ചാർത്തുകൾ,
തിക്കിത്തിരക്കി നിന്നെത്തിനോക്കും, ചില-
തൊക്കായ്കയാൽ മുഖം വീർപ്പിച്ചൊഴിഞ്ഞുപോം!

Digitized By Kerala Sahitya Akademi

അൽപ്പം വലംകാൽമടക്കി യിടംകാലി-
ലർപ്പിച്ചു തെല്ലെൻ ശിരസ്സുചാഞ്ഞതങ്ങനെ
നിന്നുഞൊന്നൂത്തു മോടക്കുഴൽ, ചുററിലും
നിന്നാട്ടമുജ്ജ്വല സ്വർണ്ണവർണ്ണാംഗികൾ
താളവും മേളവുമൊത്തിണങ്ങിക്കൊഴു-
പ്പാളുമാ രാസകേലോത്സവ വേളയിൽ
ചുററുകൾ താനേ യഴിഞ്ഞു തരുക്കളെ-
വിട്ടിറങ്ങി വന്നോരോ ലതികകൾ
ഓർക്കാതെ പെട്ടെന്നു മൊട്ടിട്ടു ഊന്നിൽ നി-
ന്നാത്ത കൌതൂഹലമാട്ടും ശിരസ്സുകൾ.
പിന്നൊച്ചലിയ്ക്കില്ലിലക, ളനങ്ങാതെ
നിന്നിട്ടും തെന്ന, ലടങ്ങിട്ടും വീചികൾ
നിദ്രയിൽനിന്നുണർന്നേററു ഞൊടിയ്ക്കുള്ളി-
ലുദ്രസം പീലി വിടർത്തി പ്രസന്നരായ്‌
താളത്തിനൊപ്പിച്ചു ചോട്ടുവെച്ചാടിടും
താഴ്‌മരക്കൊമ്പിൽ നിന്നോരോ മയിലുകൾ
നിൽക്കും കരയ്ക്കെത്തി വെള്ളക്കഴുത്തുകൾ
പൊക്കിപ്പിടിച്ചു കളഹംസരാശികൾ.
എല്ലാം മറന്നെന്റെ വേണു ഗാനത്തിന്റെ
കല്ലോലിനിയിലലിഞ്ഞലിഞ്ഞങ്ങനെ

Digitized By Kerala Sahitya Akademi

ഞാനൊഴുകിപ്പോ മൊരോർമ്മയുണ്ടാവുകി-
ല്ലാനന്ദമാത്രനെനിയ്ക്കപ്പൊഴേഴാമനേ!
ആരംഗ, മാരംഗ മിന്നുമോർക്കവൊഴും
കോരിത്തരിച്ചുപോകുന്ന മന്മാനസം......
എല്ലാംകഴിഞ്ഞു, തെറിച്ചുപോയെൻകൊച്ചു-
പുല്ലാംകുഴ, ലിന്നു ചെങ്കോൽ പിടിറ്റുഞാൻ
കൃത്യബാഹുല്യം കലാസക്തിതൻ കറ്റു-
പൊത്തുന്നു, യന്ത്രമായ്ത്തീരുന്നു ഹന്ത ഞാൻ
ചൈത്രം വരുമ്പോൾ പറക്കുകയാണെൻെറ
ചിത്തമാ വൃന്ദാവനത്തിലേയ്ക്കിപ്പൊഴും......

സത്യഭാമ

ഇടയപ്പെൺകുട്ടങ്ങ ളവരേക്കാണാഞ്ഞി-
ട്ടിടനെഞ്ഞങ്ങേയ്ക്കിന്നുടയുന്നോ?
വിവിധ കൌമാര ചപലകേളികൾ
വിവശതയങ്ങേയ്ക്കരുളുന്നോ?
പരിഭവിയ്ക്കല്ലേ പറയുമ്പോൾ, ലജ്ജാ-
കരമാണോർക്കിലക്കഥയെല്ലാം!
നിഖിലലോകൈകപതിയാകും ഭവാൻ
നിലമറന്നോവം പറയല്ലേ!

കൃഷ്ണൻ

നിലകൾ, കഷ്ടം നിലകളതൊക്കെയും
നിഴലുകൾ തൻ കഥകളാണോമനേ!

Digitized By Kerala Sahitya Akademi

ഇതുവരെയ്ക്കെത്ര സിംഹാസനങ്ങൾതൻ
ഗതിവിഗതികൾ കണ്ടു മൽക്കണ്ണുകൾ
അതിനു തക്കതാം കയ്യുകൊരടേൽക്കുകി-
ലചലമല്ല ഹിമാലയം കൂടിയും.

സമതയിലാണു സൌഖ്യവും ശാന്തിയും
സഹജഭാവ മാണാത്മോത്സവാസ്പദം
ഉയരൽ താഴ്ച്ചയ്ക്കു താങ്ങിനല്ലെങ്കിലെ-
ന്തുയരലാണതിന്നാത്ര മെന്നുഴിയിൽ?

വലിയവർക്കു ഞാൻ വൈരിയാണെപ്പൊഴു-
മെളിയവർക്കുള്ളതാണെൻെറ ജീവിതം.

മണിമയോത്തുംഗ ഹർമ്മ്യ ശതാവൃത
മഹിതമാണിന്നീ ദ്വാരകയെങ്കിലും
ഇടയർ വാഴുന്നൊ രോലമേഞ്ഞുള്ളൊര-
ക്കുടിലുകൾ ചൂടിനിൽക്കുന്ന ഗോകുലം
അകലെ നിന്നൊന്നൊ മാടി വിളിയ്ക്കയാ-
ണകമലിഞ്ഞുപോ മാർദ്ര സ്മിതങ്ങളാൽ
സുഖമിതാണെന്നു മൂളിയ്ക്കുവാൻ സദാ
നഗരമീർഷ്യയിൽ ശാഠ്യം പിടിയ്ക്കവേ,

Digitized By Kerala Sahitya Akademi

അമരസംതൃപ്തി നൽകിലും ഞാൻ വെറു-
മഗതിയെന്നൊഴിയുന്ന നാട്ടിൻപുറം!
അവിടെമൊക്കെ വിട്ടിങ്ങോട്ടു പോന്നതൊ-
ട്ടരമനതൻ തടവാളിയായി ഞാൻ!
അരുതെനിക്കു മറക്കാനൊരിയ്ക്കലു-
മറിയുകെൻ ജീവനാണു വൃന്ദാവനം!

രാമ

ഭാഗിരാമക്കൊത്തും യഥേഷ്ടമായെന്നല്ലാ-
തങ്ങേയ്ക്കു ഞങ്ങളിൽ സ്നേഹമില്ല.
ഞങ്ങളോ?- തെററിപ്പോയല്ലല്ലാ ഞാൻ മാത്ര-
മങ്ങേയ്ക്കെന്നോടൊട്ടും സ്നേഹമില്ല.
ദേഹവും ജീവനു മങ്ങേക്കായർപ്പിച്ചു
സ്നേഹത്തിൻ ദാസിയായ് ഞാനിരിയ്ക്കെ
എന്നൊരുണപ്രായം തട്ടി മാററിത്രസി-
ച്ചെങ്ങോ കുതിപ്പൂ തവാന്തരംഗം.
എന്നല്ലൊരായിരം ഭാഗ്യങ്ങളൊത്തൊരു-
കന്യാമണിയായി ഞാൻ ജനിച്ചു.
ഭാഗ്യാനുഭൂതികൾ തൻ മലർ മെത്തയി-
ലത്തലറിയാതെ ഞാൻ സുഖിച്ചു.
ഓജസ്സും തേജസ്സും മൂർത്തിമത്തായൊരു
രാജാധിരാജനെ ഞാൻവരിച്ചു.

Digitized By Kerala Sahitya Akademi

പിന്നെയോ?– കണ്ണുനീർ കണ്ണുനീരല്ലാതെ–
യൊന്നൊന്നിങ്ങേന്നുണ്ടിന്നൊൻെറയായി?
ആരറഞ്ഞീടുവാൻ നിശ്ശബ്ദദുഃഖമി–
താരോടുചൊല്ലി ഞാനാശ്വസിക്കും?.....

കൃഷ്ണൻ

കഷ്ടം, മെന്തിനിക്കണ്ണുനീരേവം
വിട്ടൊഴിയുകൊന്നീ ദുഃഖ ഭാവം
എന്നെ നീ വൃഥാ തെററിദ്ധരിപ്പൂ
പിന്നെ ഞാൻ നിന്നോടൊത്തു കഴിപ്പൂ.
ഉൽക്കട പ്രേമ സാന്ദ്രമാണെന്നാ–
ലുദ്ധതമാണു നിന്മനമിന്നും.
അഭ്യസൂയയാണാശങ്കകൾക്ക–
ള്ള തദവസ്ഥാനമെന്നു നീയോർക്കൂ.
നിന്നഴലിനിന്നോകനിദാനം
നിന്നിലാളുന്ന സ്വാർത്ഥത മാത്രം
വിശ്വഗോള സഹസ്രങ്ങളോളം
വിസ്തൃതം മമ രാഗാർദ്രചിത്തം
മൊട്ടുസൂചിതൻ തുമ്പത്തുനിത്തി–
ക്കെട്ടുവാനല്ല നിന്നതിമോഹം
പട്ടുനൂലിഴപാകുന്ന പക്ഷേ
പൊട്ടുകയാണതാക്കിതിൽ കുററം?

Digitized By Kerala Sahitya Akademi

ഉദ്യമം വ്യർത്ഥമാകെ നിൻഹൃത്തി-
ലുജ്ജ്വലിയ്ക്കുന്ന മേൽക്കുമേൽ കോപം
ആയതിൻ പുകയാണുനിൻ ശോകം
നീയതാകെ കെടുത്തുക വേഗം
ദേഹചിന്ത വെറും വെറും മോഹം
സ്നേഹലക്ഷ്യമോ പാവന ത്യാഗം!
ഒന്നുനോക്കുകെൻ നേരെ നീ ഭാമേ,
നിന്നോടൊന്നു ഞാൻ ചോദിച്ചിടട്ടെ.
കൊന്നിടാതെ മനസ്സാക്ഷി തന്നെ-
ച്ചൊന്നിടേണമെന്നോടു നീ സത്യം.
എന്നെ വേട്ടതിൽ സന്തോഷമിന്നും
നിനക്കൊമ്പിലുമുന്നാതില്ലേ?

ഭാമ

അവിടന്നെൻ പ്രാണേശനായതോർത്താ-
ലതിരററതാണെൻെറ പൂർവ്വപുണ്യം.

കൃഷ്ണൻ

അന്നു നീയുന്നാതകൌതുകം പൂ-
ണ്ടെന്നെവേട്ടീടുവാനെന്തു ബന്ധം?

ഭാമ

അവിടത്തെവേൾക്കാൻ കൊതിച്ചിടാത്ത
യുവതിയേതുണ്ടിജ്ജഗത്രയത്തിൽ?

Digitized By Kerala Sahitya Akademi

സകലസൌഭാഗ്യസുഖ സമേതൻ
സരസിജാസ്ത്രോപമൻ സാർവ്വഭൌമൻ
ഭുവനാന്തവിക്രമൻ ധർമ്മശീലൻ
വിവിധവിജ്ഞാന വിഹാരലോലൻ
സരസൻ, ദയാമയൻ, സ്നേഹസാന്ദ്രൻ
സവിലാസൻ, കമ്രകലാ രസികൻ
അവികലപുണ്യമിയന്നിടാതാർ-
ക്കവിടത്തെപ്പത്നീപദം ലഭിയ്ക്കും?

കൃഷ്ണൻ

വല്ലഭനായെന്നെ വേട്ടതിലല്പവു-
മില്ല നിനക്കു നിരാശയെങ്കിൽ
എന്തിനപ്പിന്നെയിത്താപവു മീർഷ്യയും
ചിന്താഭരവും പരിഭവവും?

ഭാമ

(അപൂർണ്ണം)

Digitized By Kerala Sahitya Akademi